(സി) ഉത്തരം ചുവടെ ചേർക്കുന്നു:

കോട്ടയം	..	22 എണ്ണം
തൃശ്ശൂർ	..	47 എണ്ണം

(ഡി) ദേശീയ കുഷ്ഠരോഗനിർമ്മാർജ്ജന പരിപാടിക്കുള്ള കേന്ദ്ര ധനസഹായം 2004 മാർച്ച് മാസത്തോടെ അവസാനിച്ചു. ആയതിനാൽ പ്രസ്തുത ജീവനക്കാരെ പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരുമായി സംയോജിപ്പിക്കുവാനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിരുന്നു. ആയതിനാൽ പ്രസ്തുത ജീവനക്കാരെ സർക്കാർ തീരുമാനമനുസരിച്ച് പൊതുജനാരോഗ്യ വകുപ്പിലേക്ക് സംയോജിപ്പിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു. പ്രസ്തുത സംയോജനത്തിനാവശ്യമായ ഒഴിവുകൾ കരുതേണ്ടതിനാൽ തൽക്കാലം പി. എസ്. സി. ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ കഴിയുന്നില്ല.

(ഇ) മേൽ സൂചിപ്പിച്ച സംയോജനം പൂർത്തിയായതിനുശേഷം ആരോഗ്യ വകുപ്പിൽ നിശ്ചിത സാങ്കേതിക യോഗ്യത നേടിയിട്ടുള്ളവർക്ക് പ്രമോഷനിലൂടെയും തസ്തികമാറ്റം മുഖേനയും രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി നിയമനം നൽകുന്ന മുറയ്ക്ക് മാത്രമേ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ കഴിയുകയുള്ളൂ.

ശ്രീമതി ഏലിയാമ്മ മത്തായിയുടെ ആശ്രിതന് ജോലി കൊടുക്കുന്നതിന് നടപടി

156 [2649] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാർ പി.എച്ച്.സി.-യിൽ പാർട്ട്ടൈം സ്വീപ്പറായി ജോലി ചെയ്തിരുന്ന ശ്രീമതി ഏലിയാമ്മ മത്തായിയുടെ മരണശേഷം ആശ്രിത നിയമന പദ്ധതിപ്രകാരം ഇവരുടെ മകൻ തോമസ്മാത്യു ജോലി കിട്ടുന്നതിന് അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) ആയതിന് എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ആശ്രിത നിയമന പദ്ധതിപ്രകാരം ജോലി നല്കിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയതിനെ സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെ ഏതെല്ലാം നമ്പരുകളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ആശ്രിത നിയമന പദ്ധതിപ്രകാരം ഇയാൾക്ക് എന്നത്തേക്ക് ജോലി നൽകാനാവുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 25-12-2002-ൽ.

(ബി) മരണമടഞ്ഞ ഏലിയാമ്മ മത്തായിയുടെ സേവനപത്രിക ഡി.എം.ഒ. യോട് ആവശ്യപ്പെട്ടിരുന്നു. ആയത് ഇനിയും ലഭിച്ചിട്ടില്ല.

(സി) ജോലി നൽകാനായിട്ടില്ല.

(ഡി) 1. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിലെ ഫയൽ നമ്പർ എ2-5486/03

2. ഡി.എച്ച്.എസ്സിലെ ഫയൽ നമ്പർ ഇഎച്ച് 4-68920/03

(ഇ) ആവശ്യമായ രേഖകളെല്ലാം ലഭിച്ചുകഴിഞ്ഞാലുടൻ നിയമാനുസൃതമായ തുടർ നടപടികൾ സത്വരമായി സ്വീകരിക്കുന്നതാണ്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പ്രയോജന രഹിതമായി കിടക്കുന്ന താലൂക്ക് ആശുപത്രികളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും

157 [2650] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ എം.എൽ.എ. ഫണ്ടിൽനിന്നോ എം.പി. ഫണ്ടിൽനിന്നോ നിർമ്മിച്ചതായ എത്ര കെട്ടിടങ്ങൾ ആവശ്യത്തിന് ഡോക്ടർമാരും മറ്റു ജീവനക്കാരുമില്ലാത്തതുകൊണ്ട് പ്രയോജനരഹിതമായി നമ്മുടെ താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലുമായി ഉപയോഗശൂന്യമായി കിടപ്പുണ്ട്; അവയേതെല്ലാം;

(ബി) തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ അത്തരത്തിൽ പ്രയോജനരഹിതമായി കിടക്കുന്ന കെട്ടിടം പ്രയോജന പ്രദമാക്കാൻ ആവശ്യമായ ഡോക്ടർമാരേയും മറ്റു ജീവനക്കാരേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ ആരോഗ്യസ്ഥാപനങ്ങളോടനുബന്ധിച്ച് എം.പി.-മാരുടെയും എം.എൽ.എ.-മാരുടെയും ഫണ്ടുകളുപയോഗിച്ച് പണി കഴിഞ്ഞ 269 കെട്ടിടങ്ങൾ ആവശ്യത്തിന് ജീവനക്കാരില്ലാത്തതുകൊണ്ട് ഉപയോഗിക്കാനാവാതെ കിടപ്പുണ്ട്. ടി സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly